DESPATCHED
On.02/02/2022

10.01.22

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 2323*(7)/2014*/***എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **14246** *എസ്.ഐ.സി-ജി 6/14)*

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| ശ്രീ. പള്ളിക്കുട്ടി,<br>പ്രിയാഭവൻ,<br>കോമല്ലൂർ, ചുനക്കര,<br>പിൻ – 690 505. | അപ്പീൽ ഹർജിക്കാരൻ |

**Vs**

| | |
|---|---|
| 1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,<br>ആരോഗ്യ വിദ്യാഭ്യാസ വകുപ്പ്,<br>ഗവ.റ്റി.ഡി.മെഡിക്കൽ കോളേജ്,<br>ആലപ്പുഴ – 5.<br><br>2. അപ്പീൽ അധികാരി&<br>പ്രിൻസിപ്പാൾ,<br>ആരോഗ്യ വിദ്യാഭ്യാസ വകുപ്പ്,<br>ഗവ.റ്റി.ഡി.മെഡിക്കൽ കോളേജ്,<br>ആലപ്പുഴ – 5. | എതിർകക്ഷികൾ |

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 17.06.2014 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 05.072014 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 15.07.20114 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 14.08.2014 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 09.09.2014 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 12.09.2014 |
| ഹിയറിംഗ് നടന്ന തീയതി | 05.01.2022, ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. പള്ളിക്കുട്ടി, 09.09.2014ന് സമർപ്പിച്ച അപ്പീൽ ഹർജി 12.09.2014ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.2323(7)/14** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും ലഭിച്ച മറുപടികൾ തൃപ്തികരമല്ലെന്നും വിവരാവകാശ ഓഫീസർ തന്നെയാണ് അപ്പീൽ അധികാരിയെന്ന നിലയിൽ ടിയാന്റെ അപേക്ഷ കൈകാര്യം ചെയ്തിരിക്കുന്നതെന്നും നിയമവിരുദ്ധമായ നടപടിയാണിതെന്നും ആയതിനാൽ ടി ഉദ്യോഗസ്ഥനെതിരെ കർശന നടപടി സ്വീകരിക്കണമെന്നാണ്.

3. അപ്പീൽ ഹർജിക്കാരൻ 17.06.2014ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1. നമ്പർ 72/14 തീയതി 27.01.2014 ആയുള്ള പോസ്റ്റ് മാർട്ടം റിപ്പോർട്ടിന്റെ പകർപ്പ് നൽകണമെന്നും

2. ടി സാക്ഷ്യപത്രം തയ്യാറാക്കുന്നതിനു മുമ്പ് പോസ്റ്റ്മോർട്ടം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്ന ബുക്കിലെ ബന്ധപ്പെട്ട പേജുകളുടെ പകർപ്പ് നൽകണമെന്നും

3. മരണം സംഭവിച്ച് എത്ര സമയത്തിന് ശേഷമാണ് മൃതദേഹം മെഡിക്കൽ കോളേജിൽ കൊണ്ടുവന്നതെന്ന വിവരം

4. മരണം സംഭവിച്ച് എത്ര സമയത്തിന് ശേഷമാണ് പോസ്റ്റ്മാർട്ടം തുടങ്ങിയതെന്ന വിവരം നൽകണമെന്നു തുടങ്ങി 11 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ആയതിന് 05.07.2014ന് മറുപടി നൽകിയതായി കാണുന്നു. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 14.08.2014ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപ്പീൽ

ഹർജി പരിഗണിച്ച് ആയത് ടി ഓഫീസിലെ ഫോറൻസിക് വിഭാഗം മേധാവിയ്ക്ക് നൽകുകയും അവിടെ നിന്ന് ലഭിച്ച മറുപടിയിൽ പോസ്റ്റ്മാർട്ടം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്ന രജിസ്റ്ററിലെ മറ്റു കേസ്സുകളുടെ വിവരങ്ങൾ ഒഴിവാക്കി ടിയാൻ ആവശ്യപ്പെട്ട കേസിന്റെ വിവരങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്ന പേജിന്റെ പകർപ്പ് ടി മറുപടിയോടൊപ്പം ഉൾപ്പെടുത്തിയിരിക്കുന്നുവെന്നും മൃതദേഹം ആശുപത്രിയിൽ കൊണ്ടുവന്ന സമയവും തീയതിയും ഇതിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നുമാണ്. കൂടാതെ മരണം സംഭവിച്ച് എത്ര സമയത്തിന് ശേഷമാണ് പോസ്റ്റ്മോർട്ടം തുടങ്ങിയെന്ന വിവരം ലഭിക്കുന്നത് പോസ്റ്റുമാർട്ടം സമയത്ത് രേഖപ്പെടുത്തുന്ന കണ്ടെത്തലുകളുടെ അടിസ്ഥാനത്തിലാണെന്നും സി.ആർ.പി.സി.161, 162 സ്റ്റേറ്റ്മെന്റ് പ്രകാരം ഇത് അന്വേഷണ ഉദ്യോഗസ്ഥന്റെ മുമ്പാകെയോ കോടതിയ്ക്ക് മുമ്പാകെയോ പോസ്റ്റുമോർട്ടം നടത്തുന്ന ഡോക്ടർമാർ നൽകുന്ന മെഡിക്കൽ എവിഡൻസിന്റെ ഭാഗമാണെന്നും ആയത് കുറ്റാന്വേഷണ ഉദ്യോഗസ്ഥനിൽ നിന്നോ ടിയാനിൽ നിന്നു ലഭിച്ച എൻ.ഒ.സി.യുടെ അടിസ്ഥാനത്തിൽ പോസ്റ്റുമോർട്ടം നടത്തിയ ഡോക്ടറിൽ നിന്നോ ലഭ്യമാക്കാവുന്നതാണെന്നും ആയതിനു വേണ്ടിയുള്ള അപേക്ഷയുടെ പകർപ്പ് ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നുവെന്നുമാണ്. മാത്രമല്ല പോസ്റ്റുമോർട്ടം ആവശ്യപ്പെട്ട് കുറത്തിക്കാട് പോലീസ് സ്റ്റേഷനിൽ നൽകിയ അപേക്ഷയുടെ പകർപ്പ് അന്വേഷണ ഉദ്യോഗസ്ഥനിൽ നിന്ന് ലഭ്യമാണെന്നും ടിയാനിൽ നിന്നും ലഭിച്ച എൻ.ഒ.സി.യുടെ അടിസ്ഥാനത്തിൽ ടി ഓഫീസിൽ നിന്ന് (ഫോറൻസിക് മെഡിസിൻ വിഭാഗം) ടി അപേക്ഷയുടെ പകർപ്പ് (കെ.പി.എഫ്.102) ലഭ്യമാക്കാവുന്നതാണ് എന്നുമാണ് അറിയിച്ചത്.

4. 28.10.2014ന് രണ്ടാം എതിർകക്ഷി കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, 17.06.2014ൽ ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയ്ക്ക് 27.06.2014ൽ ഫോറൻസിക് വിഭാഗത്തിൽ നിന്നും മറുപടി ലഭിക്കുകയും ആയത് എസ്.പി.ഐ.ഒ., ഗവ.റ്റി.ഡി.മെഡിക്കൽ കോളേജ് ആലപ്പുഴയുടെ 05.07.2014ലെ കത്തു പ്രകാരം ഹർജിക്കാരനെ അറിയിച്ചിട്ടുള്ളതാണെന്നും ടി മറുപടിയിൽ തൃപ്തനാകാതെ 15.07.2014ൽ സമർപ്പിച്ച ഒന്നാം അപ്പീൽ ഹർജി ടി കോളേജിലെ ഫോറൻസിക് വിഭാഗം മേധാവിയ്ക്ക് അയയ്ക്കുകയും ആയതു പ്രകാരം ലഭിച്ച മറുപടി നൽകിയിട്ടുണ്ടെന്നും പകർപ്പ് ഉൾക്കൊള്ളിക്കുന്നുവെ

ന്നുമാണ്. കൂടാതെ ടി കോളേജിലെ എസ്.പി.ഐ.ഒ. വൈസ് പ്രിൻസിപ്പാളും അപ്പീൽ അധികാരി പ്രിൻസിപ്പാളുമാണെന്നും എന്നാൽ 21.04.2014 മുതൽ 18.08.2014വരെ പ്രിൻസിപ്പാൾ അർദ്ധവേതനാവധിയിൽ പ്രവേശിച്ചതിനാൽ ടി കാലയളവിൽ പ്രിൻസിപ്പാളിന്റെ അധിക ചുമതല വഹിച്ചിരുന്നത് വൈസ് പ്രിൻസിപ്പാളായിരുന്നുവെന്നും ആയതിനാലാണ് എസ്.പി.ഐ.ഒ. എന്ന നിലയിലും അപ്പീൽ അധികാരി എന്ന നിലയിലും ഒരാൾതന്നെ അപേക്ഷ കൈകാര്യം ചെയ്യേണ്ടി വന്നത് എന്നുമാണ് അറിയിച്ചത്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരു കക്ഷികളെയും കേട്ടതിലും ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് വിവരങ്ങൾ ലഭ്യമാക്കാത്ത എസ്.പി.ഐ.ഒ.യ്ക്കും ഒന്നാം അപ്പീൽ അധികാരി എന്ന നിലയിൽ അപ്പീൽ പരിഗണിച്ച് ഉത്തരവു നൽകുന്നതിനു പകരം ചില വിവരങ്ങൾ അയച്ചു നൽകിയ അപ്പീൽ അധികാരിയെ വിവരാവകാശ ഓഫീസറായി പരിഗണിച്ചും വിവരാവകാശ നിയമം 20(1), 20(2) എന്നീ വകുപ്പുകൾ പ്രകാരം നടപടി സ്വീകരിക്കണമെന്നാണ്. കൂടാതെ വിവരാവകാശ ഓഫീസർ തന്നെയാണ് അപ്പീൽ അധികാരി എന്ന നിലയിൽ ടിയാന്റെ ഒന്നാം അപ്പീൽ കൈകാര്യം ചെയ്തിരിക്കുന്നതെന്നുമാണ് ടിയാൻ കമ്മീഷൻ മുമ്പാകെ ഉന്നയിച്ചിരിക്കുന്ന ആക്ഷേപം. മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ പ്രസ്തുത വിഷയം സംബന്ധിച്ച വ്യക്തമായ റിപ്പോർട്ട് ഒരാഴ്ചയ്ക്കകം കമ്മീഷനിൽ സമർപ്പിക്കണമെന്നും ടി റിപ്പോർട്ടിന്റെ പകർപ്പ് ഹർജിക്കാരന് അയച്ചു നൽകണമെന്നും ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകിക്കൊണ്ട് ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 ജനുവരി 10-ാം തീയതി കമ്മീഷൻ ഇപ്രകാരം ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM